**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3110** — **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി 12.07.2021 ൽ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.21/2021 ആയി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേവനം കൂടുതൽ മികവുറ്റതാക്കാൻ കഴിഞ്ഞ സർക്കാർ നടപടിയെടുത്തിരുന്നോ; പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) ആകെ 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ SISF-ൽ 1000 സ്ഥിരം തസ്തികകൾക്കു കൂടി അനുമതി നൽകിയിട്ടുണ്ട്. വനിതാ പോലീസ് വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന തിനായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4 വനിതാ പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുന്നതിനും ഇതിനായി 20 പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദപരമാക്കുന്നതിനും ആധുനിക കാലത്തിന് അനുയോജ്യമായ വിധത്തിൽ പോലീസ് സേനയെ പരിവർത്തനം ചെയ്യുന്നതിനും പരിശീലന പരിപാടി നവീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദമാക്കുന്നതിന് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. 1) ജനമൈത്രി പോലീസ് പരിശീലനം 2) Soft Skill Training 3) Gender Sensitisation 4) Stress Management with Human relations 5) Inter Personal relationship 6) Positive handling of drug abuses 7) Life Style Management ആധുനികകാലത്തിന് അനുയോജ്യമായ വിധത്തിൽ സേനയെ പരിവർത്തനം ചെയ്യുന്നതിനായി കേരള പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവ |

| | | | |
|---|---|---|---|
| | | | മുഖേന താഴെപ്പറയുന്ന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നൽകി വരുന്നുണ്ട്. 1) Cyber Forernsic training for investigating officers. 2) Forensic training – Advance Technology 3) CCPWC Capacity building (Cyber Crime Prevention against Women and Children) 4) Training on Live Forensic, Mobile Forensic, Disc Forensic 5) Training on Invesitigation of terrorism cases, blast cases. 6) Cyber Crimes. 7) Investigation POCSO Anti-human Trafficking, NDPS Act Cases etc. 8) CCTNS 9) Training on dealing hazardous and dangerous substances. 10) Social defence issues 11) Women safety training 12) Interrogation techniques. 13) Forensic medicines & toxicology. |

സെക്ഷൻ ഓഫീസർ